ഉപയോഗിക്കുന്നതും തടയുന്നതിനുവേണ്ടി കേരളാ ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവ് കർശനമായി പാലിക്കുവാൻ കളക്ടർക്ക് അധികാരം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്തെ 10000 ഹെക്ടർ തരിശുനിലത്ത് നെൽക്കൃഷി ചെയ്യുന്നതിന് തൊഴിൽരഹിതരായ യുവാക്കൾക്ക് ധനസഹായം നൽകുന്നതിനായി 500 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള ഒരു പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഒരു ഹെക്ടർ പ്രദേശത്ത് നെൽക്കൃഷി ചെയ്യുന്നതിന് 5,000 രൂപയുടെ സാമ്പത്തികസഹായം നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. "ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാനപദ്ധതി" യിലെ അംഗങ്ങൾക്ക് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്.

(സി) ഇക്കാര്യം ഇപ്പോൾ പിഗണനയിലില്ല.

കുട്ടനാട്ടിൽ നെല്ല് സംഭരണത്തിന് നടപടി

317 [1247] *ശ്രീ. വർക്കല കഹാർ:*
" *ടി. എൻ. പ്രതാപൻ:*
ശ്രീമതി മേഴ്സി രവി:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ സ്ഥിരം നെല്ല് സംഭരണ ഏജൻസികളെ നിയോഗിക്കുവാനും നെല്ല് സംഭരണശാലകൾ ആരംഭിക്കുവാനും ഉദ്ദേശമുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) കുട്ടനാട്ടിൽ ഉൽപ്പാദിപ്പിക്കുന്ന നെല്ല്, കൊയ്ത്തിനെത്തുടർന്നുള്ള രണ്ടാഴ്ചയ്ക്കുള്ളിൽ സംഭരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ജില്ലാകളക്ടർ ചെയർമാനായുള്ള ജില്ലാതല മോണിട്ടറിംഗ് കമ്മിറ്റികളാണ് നെല്ലു സംഭരണവുമായി ബന്ധപ്പെട്ട് സംഭരണ ഏജൻസികളെ നിയമിക്കുക, സംഭരണവില നിശ്ചയിക്കുക തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. കുട്ടനാട്ടിൽ നെല്ലുസംഭരണശാലകൾ ആരംഭിക്കുന്ന കാര്യം കൃഷിവകുപ്പിന്റെ പരിഗണനയിലില്ല.

(സി) നെല്ല് സംഭരണത്തിനു രൂപീകരിച്ചിട്ടുള്ള ജില്ലാതലസമിതികൾ കൊയ്ത്തു തുടങ്ങുന്നതിനു മുൻപുതന്നെ സംഭരണവില, സംഭരണതീയതി, സംഭരണഏജൻസി എന്നിവയെ തീരുമാനിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതുകൊണ്ട് കൊയ്ത്തിനെ തുടർന്നുള്ള രണ്ടാഴ്ചയ്ക്കുള്ളിൽത്തന്നെ നെല്ലു സംഭരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly